പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 8381   25/07/2012-ൽ മറുപടിക്ക്

## ആറളം ഹൈസ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനം

ചോദ്യം   മറുപടി

ശ്രീ. എ.കെ.ബാലൻ:

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ആറളം യു.പി.സ്കൂൾ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്ത ശേഷം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് സ്കൂളിൽ നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ; | (എ) | ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്ത ശേഷം കണ്ണൂർ ജില്ലാ പഞ്ചായത്ത് വക 2 ക്ളാസ്സ് മുറികളുടേയും ശ്രീ.പി.രാജീവ് എം.പി.യുടെ ഫണ്ട് ഉപയോഗിച്ചുള്ള ഒരു ക്ളാസ്സ് മുറിയുടേയും പണി പൂർത്തികരിച്ച് വരുന്നു. |
| (ബി) | ഹൈസ്കൂളിന്റെ ഇപ്പോഴത്തെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തെല്ലാം അസൗകര്യങ്ങളാണ് സ്കൂളിൽ ഇപ്പോൾ ഉള്ളത്; അവ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത വിദ്യാലയം പ്രവർത്തിക്കുന്നതിന് കുറഞ്ഞത് 10-ക്ളാസ്സ് മുറികൾ ആവശ്യമാണെങ്കിലും 7 എണ്ണമേ നിലവിലുള്ളൂ. കൂടാതെ കമ്പ്യൂട്ടർ റൂം സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി എന്നിവ പ്രവർത്തിക്കുന്നതിനും സ്ഥലസൗകര്യമില്ല. മൂന്ന് ക്ളാസ്സ് മുറികളുടെ പണി നടന്ന് വരുന്നു. ഹൈസ്കൂളിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് മൂന്ന് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, നിർമ്മാണ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിനായി തുക |

| | | | |
|---|---|---|---|
| | | | അനുവദിക്കുവാൻ കണ്ണൂർ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ മുഖേന നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | ഈ സർക്കാർ വന്നതിനുശേഷം സർവ്വ ശിക്ഷാ അഭിയാൻ മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർവ്വ ശിക്ഷാ അഭിയാൻ മുഖേന മേജർ റിപ്പയറിംഗിനായി 5,88,000/- രൂപ (അഞ്ചു ലക്ഷത്തി എൺപത്തിയെട്ടായിരം രൂപ) അനുവദിച്ചിട്ടുണ്ട്. ആയത് ഉപയോഗിച്ച് ഓടിട്ട കെട്ടിടങ്ങളുടെ റിപ്പയർ, ടൈൽസ് പതിക്കൽ, ജനലുകൾ വാതിലുകൾ എന്നിവയുടെ നവീകരണം എന്നീ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഈ വർഷം 3 ടോയ്ലറ്റുകളുടെ നിർമ്മാണവും നടന്നു വരുന്നുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എസ്.ടി.വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പാക്കിയിട്ടുണ്ട്? | (ഡി) | ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ (ടി.ആർ.ഡി.എം) ഫണ്ട് ഉപയോഗിച്ച് സ്കൂളിന് 10 കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ട്. സ്ക്കൂളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ക്കൂളിലേക്ക് വരുന്നതിനും പോകുന്നതിനും 3 വാടക ജീപ്പുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇതിന്റെ വാടക ടി.ആർ.ഡി.എം. ഫണ്ടിൽ നിന്നും നൽകി വരുന്നു. ടി ഹൈസ്ക്കൂളിലെ കുട്ടികൾക്ക് പോഷകാഹാര വിതരണ പദ്ധതിയും ടി.ആർ.ഡി.എം.ഫണ്ട് ഉപയോഗിച്ചു നടപ്പാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ